## നവകേരള സദസ്സ് പ്രത്യേക അദാലത്ത്

**29.12.2023 വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ സിറ്റിസൺ അസിസ്റ്റൻസ് സ്ഥിരം അദാലത്ത് ജില്ലാതല സമിതിയുടെ മിനിറ്റ്സ്.**

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

1. അരുൺ രംഗൻ, ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ ( ചെയർമാൻ)
2. രാജീവ് കെ ആർ, ജില്ലാ ടൗൺ പ്ലാനർ, തൃശ്ശൂർ
3. സ്മിത പി. ജെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ
4. വിധു എ മേനോൻ, അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ, (കൺവീനർ)

**അജണ്ട**

നവകേരള സദസ്സിൽ ലഭിച്ച 16 പരാതികളും, ഉപജില്ലാ സമിതിയിൽ നിന്നും Escalate ചെയ്ത് വന്ന 2 പരാതികളും.

**അജണ്ട 1**

ശ്രീ. ഖാലിദ്, കളത്തിൽ വീട് എന്നവരുടെ വില്ല പ്രൊജക്ടിനു വേണ്ടിയുള്ള ബിൽഡിങ്ങ് പെർമിറ്റ് ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 1**

മേൽ പരാതി പാഞ്ഞാൾ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതും, ഉപജില്ലാ സമിതി 3 ൽ നിന്നും ജില്ലാ സമിതിയിലേക്ക് Escalate ചെയ്ത് വന്നതുമാണ്. ഉപജില്ലാ സമിതിയുടെ റിപ്പോർട്ട് ജില്ലാ സമിതി പരിശോധിച്ചു. പ്രസ്തുത റിപ്പോർട്ടിൽ അപേക്ഷയിലുള്ള ന്യൂനതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നതിന് അപേക്ഷകനെ ചുമതലപ്പെടുത്തിയിട്ടുള്ളതായും ആയതു ലഭ്യമാകുന്ന മുറയ്ക്ക് നിയമാനുസൃതം അടിയന്തിര നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം പഞ്ചായത്തിന് നൽകിയിട്ടുള്ളതായും കാണുന്നു. ജില്ലാ സമിതിയിലേക്ക് പരാതി Escalate ചെയ്തതിന്റെ കാരണം ഉപജില്ലാ സമിതിയുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ടി പരാതി തുടർനടപടികൾക്കായി ഉപജില്ലാ സമിതിയിലേക്ക് തിരികെ അയക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട 2**

ശ്രീ. മോഹനൻ എ. എസ്, എളാടൻ വീട് എന്നവരുടെ വീടിന് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 2**

പരാതിക്കാരനു വേണ്ടി പരാതിക്കാരന്റെ ഭാര്യ അദാലത്തിൽ ഹാജരായി. ഒക്യുപൻസി ലഭിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ട പ്രകാരമുള്ള കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടില്ല എന്ന് കോർപ്പറേഷൻ പ്രതിനിധി അറിയിച്ചു. ആയത് പരാതിക്കാരനും സമ്മതിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ കെട്ടിട നിർമ്മാണ ചട്ട പ്രകാരമുള്ള കംപ്ലീഷൻ പ്ലാൻ കോർപ്പറേഷൻ ഓഫീസിൽ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ചു. അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തരമായി നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 3**

ശ്രീമതി. മാലിനി പി, കാക്കനാട്ട് വീട് എന്നവരുടെ കെട്ടിട നികുതി കൂടിയത് സംബന്ധിച്ച പരാതി.

**തീരുമാനം 3**

പരാതിക്കാരൻ അദാലത്തിൽ ഹാജരായി. പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ ഫയൽ സമിതി പരിശോധിച്ചു. ഫയൽ പരിശോധിച്ചതു പ്രകാരവും കോർപ്പറേഷൻ ഉദ്യോഗസ്ഥന്റെ വിശദീകരണ പ്രകാരവും 4/473 (Div-5/249) നമ്പർ കെട്ടിടം ശ്രീമതി മാലിനി എന്നവരുടെ ഉടമസ്ഥതയിലുള്ള ടെറസ്, ഓട് ഇട്ട കെട്ടിടമാണ്. ആയതിന് നികുതി നൂറ് രൂപയായിരുന്നു. നിലവിൽ 233.86 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഹോസ്റ്റൽ ബിൽഡിങ്ങായാണ് പ്രവർത്തിക്കുന്നത്. ഉപയോഗക്രമം മാറ്റിയിട്ടുള്ളതിനാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം ടി കെട്ടിടം അനധികൃത കെട്ടിടമായി കണക്കാക്കി 2016-17 മുതൽ മുൻകാല പ്രാബല്യത്തോടെ മൂന്നിരട്ടി നികുതി നിശ്ചയിട്ടുള്ളതുമാണ്. പ്രസ്തുത കാലയളവിലെ നികുതി അടവാക്കിയതിനു ശേഷമേ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് നിർവ്വാഹമുള്ളൂ എന്ന് കോർപ്പറേഷൻ പ്രതിനിധി അറിയിച്ചു. മേൽ സാഹചര്യത്തിൽ ടി കാലയളവിലെ നികുതി അടവാക്കുന്ന മുറയ്ക്ക് കെട്ടിടം നിയമാനുസൃതമായി ക്രമവൽക്കരിച്ച് നിയമാനുസൃത നികുതി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 4**

ശ്രീ. ടി. എ റപ്പായി, തെക്കേക്കര വീട് എന്നവരുടെ വീടിന് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 4**

മേൽ പരാതിയുമായി ബന്ധപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ ഫയൽ സമിതി പരിശോധിച്ചു. 09.10.2023 ൽ DW4/BA/362/18-19 ഫയൽ പ്രകാരം പരാതിക്കാരന് ന്യൂനതകൾ പരിഹരിക്കുന്നതിന് കത്ത് നൽകിയിരുന്നുവെങ്കിലും നാളിതുവരെ ന്യൂനതകൾ പരിഹരിച്ചിട്ടില്ല എന്ന് കോർപ്പറേഷൻ പ്രതിനിധി അറിയിച്ചു. മേൽ സാഹചര്യത്തിൽ ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 5**

ശ്രീമതി. സുമതി ബാലൻ, പുതുപ്പുള്ളി വീട് എന്നവരുടെ കെട്ടിടത്തിന് ബിൽഡിങ്ങ് പെർമിറ്റ് ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 5**

ടി പരാതിയുമായി ബന്ധപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ ഫയൽ സമിതി പരിശോധിച്ചു. പരാതിക്കാരൻ കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ Sy No. 619/1P യിൽപ്പെട്ട സ്ഥലം നെൽവയൽ തണ്ണീർത്തട നിയമപ്രകാരം നിലം എന്ന തരത്തിൽ ഉൾപ്പെടുന്നതാണ്. കൂടാതെ പ്രസ്തുത സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതാണെന്നും ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുകയോ, റവന്യൂ അധികാരികളിൽ നിന്ന് നിയമാനുസൃത അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമെ നടപടികൾ സ്വീകരിക്കാൻ സാധിക്കു എന്നും കോർപ്പറേഷൻ പ്രതിനിധി അറിയിച്ചു. മേൽ സാഹചര്യത്തിൽ പ്രസ്തുത സ്ഥലം ഡാറ്റാബാങ്കിൽ നിന്നും ഒഴിവാകുന്ന മുറയ്ക്ക് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 6**

ശ്രീ. അബ്ദുൾ ഗഫൂർ പി. എം, പണിക്കവീട്ടിൽ വീട് എന്നവരുടെ നാഷണൽ ഹൈവേക്ക് സമീപമുള്ള സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണത്തിന് ഹൈവേ അതോറിറ്റിയുടെ ACCESS PERMIT ഒഴിവാക്കണമെന്നത് സംബന്ധിച്ച പരാതി.

**തീരുമാനം 6**

മേൽ പരാതി തളിക്കുളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതും, ഉപജില്ലാ സമിതി 5 ൽ നിന്നും ജില്ലാ സമിതിയിലേക്ക് Escalate ചെയ്ത് വന്നതുമാണ്. ഉപജില്ലാ സമിതിയുടെ റിപ്പോർട്ട് സമിതി പരിശോധിച്ചു.

നാഷണൽ ഹൈവേക്ക് സമീപമുള്ള സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണത്തിന് ഹൈവേ അതോറിറ്റിയുടെ ആക്സസ് പെർമിറ്റ് ഒഴിവാക്കണമെന്നാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യമായതിനാൽ സംസ്ഥാനതല സമിതിയിലേക്ക് Escalate ചെയ്യുന്നതിന് തീരുമാനിച്ചു.

**അജണ്ട 7**

ശ്രീ. എം. ബി ജയകുമാർ, മേൽവീട്ടിൽ വീട് എന്നവരുടെ കെട്ടിടം ക്രമവൽക്കരിച്ച് ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 7**

ശ്രീ. എം.ബി. ജയകുമാർ എന്നവർ സർവ്വേ നമ്പർ 220/1 ൽ നിർമ്മിച്ച ഷോപ്പ് റൂമുകൾ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ KKY/BA/9/2018-19 ഫയൽ പരിശോധിച്ചതിലും, തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. സീമ. ടി.എസ്. എന്നവരുടെ വിശദീകരണം കേട്ടതിൽ നിന്നും ടി കെട്ടിടത്തിന് ഫ്രണ്ട് ഓപ്പൺ സ്പേസ് 3 മീറ്റർ വേണ്ടിടത്ത് നിലവിൽ 35 സെ.മീ. മാത്രമേ ലഭിക്കുന്നുള്ളൂ. ഭൂമി വിട്ടു കൊടുത്തിട്ടുണ്ട് എന്നുള്ള അവകാശം പരിഗണിച്ചാലും (1.40 മീറ്ററും, 90 സെ. മീ. ഉം ആണ് വിട്ടുകൊടുത്തിട്ടുള്ളത്. ) ആവശ്യമായ ഓപ്പൺ സ്പേസ് കിട്ടുന്നില്ല. കൂടാതെ സൈഡ് സെറ്റ് ബാക്ക്, കാർ പാർക്കിംഗ് സ്പേസ്, ഡിസേബിൾഡ് ടോയ് ലെറ്റ് എന്നിവ ഇല്ലായെന്നും, ടി ന്യൂനതകൾ അറിയിച്ചുകൊണ്ട് 30/09/2019 ൽ പരാതിക്കാരന് കത്ത് നൽകിയിരുന്നുവെങ്കിലും നാളിതുവരെ ന്യൂനതകൾ പരിഹരിച്ചിട്ടില്ല എന്നും കോർപ്പറേഷൻ പ്രതിനിധി അറിയിച്ചു. മേൽ സാഹചര്യത്തിൽ പരാതിക്കാരൻ ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് കെട്ടിടം നിയമാനുസൃതം ക്രമവൽക്കരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 8**

ശ്രീ. ജോസ് ഇ. സി, കുന്നത്ത് എനോക്കര വീട് എന്നവരുടെ കെട്ടിടം ക്രമവൽക്കരിച്ച് ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 8**

പരാതിക്കാരൻ അദാലത്തിൽ ഹാജരായി. പരാതിയിൽ പരാമർശിച്ചിരിക്കുന്ന കെട്ടിടത്തിന് പുതിയ മാസ്റ്റർ പ്ലാൻ പ്രകാരം 12 മീറ്റർ റോഡ് വൈഡനിങ്ങ് കാണിച്ചിരിക്കുന്നതിനാൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് സാധിക്കുകയില്ല എന്ന് കോർപ്പറേഷൻ പ്രതിനിധി അറിയിച്ചു. മാസ്റ്റർ പ്ലാനിന് വിരുദ്ധമായി കെട്ടിടം ക്രമവൽക്കരിക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട 9**

പുല്ലഴി കോൾപ്പടവ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള വിത്ത്, വളം സംഭരണ കെട്ടിടം ക്രമവൽക്കരിച്ച് ലഭിക്കാത്തത് സംബന്ധിച്ചുള്ള സംഘം പ്രസിഡന്റിന്റെ പരാതി.

**തീരുമാനം 9**

പരാതിക്കാരൻ അദാലത്തിൽ ഹാജരായി. തൃശ്ശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ 47-ാം ഡിവിഷനിൽ സർവേ നമ്പർ 72/3p ൽ പെട്ട സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് നമ്പർ ലഭിച്ചിട്ടില്ല എന്ന് പരാതിക്കാരൻ അറിയിച്ചു. പരാതിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ ഉള്ളതായും ആയത് പരാതിക്കാരനെ അറിയിച്ചിട്ടുള്ളതായും കോർപ്പറേഷൻ പ്രതിനിധി അറിയിച്ചു. കോർപ്പറേഷൻ അറിയിച്ച ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് നിയമാനുസൃതം അടിയന്തിരമായി നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 10**

ശ്രീ. ബെന്നി ടി. പി, താണിക്കമറ്റം വീട് എന്നവരുടെ കെട്ടിടത്തിന് ബിൽഡിങ്ങ് പെർമിറ്റ് ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 10**

പരാതിക്കാരൻ അദാലത്തിൽ ഹാജരായി. 2013-14 വർഷത്തിൽ കെട്ടിട നിർമ്മാണ അനുമതിയ്ക്കായി ഒല്ലൂക്കര സോണൽ ഓഫീസിൽ അപേക്ഷ നൽകിയെങ്കിലും ടി സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾ പ്പെടുന്നതാണെന്ന കാരണത്താൽ കോർപ്പറേഷൻ അനുമതി നൽകുകയുണ്ടായില്ല. പിന്നീട് സർവ്വെ നമ്പർ 588 (റീസർവ്വേ നമ്പർ 9/12) ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയതായി പരാതിക്കാരൻ അറിയിച്ചു. മേൽ സാഹചര്യത്തിൽ ഒല്ലൂക്കര സോണൽ ഓഫീസിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിന് പുതിയ അപേക്ഷ നൽകുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ചു. അപേക്ഷ ലഭിച്ചാൽ ടി സ്ഥലത്ത് നിയമാനുസൃതം പെർമിറ്റ് അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിനും നവകേരള സദസ്സിലെ നിവേദനം എന്ന നിലയിൽ അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിനും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 11**

ശ്രീ. കൃഷ്ണകുമാർ കെ, ആമ്പക്കാട്ട് വീട് എന്നവരുടെ കെട്ടിടത്തിന് ബിൽഡിങ്ങ് പെർമിറ്റ് ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 11**

പരാതിക്കാരൻ അദാലത്തിൽ ഹാജരായി. പ്രാദേശിക നിരീക്ഷണ സമിതി ജില്ലാതല അധികൃത സമിതി ചെയർമാന്റെ നടപടിക്രമം ഉത്തരവ് നമ്പർ ടിഎ (2) 1054/(ആർ 22) തിയതി 08/05/2015 പ്രകാരം നിലം പരിവർത്തനം ചെയ്യുന്നതിനുള്ള കക്ഷിയുടെ അപേക്ഷ നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ RDO ൽ നിന്ന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷയിൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 12**

ശ്രീ. കൃഷ്ണൻകുട്ടി എം, കാട്ടൂർ വീട് എന്നവരുടെ കെട്ടിട നികുതി കൂടിയത് സംബന്ധിച്ച പരാതി.

**തീരുമാനം 12**

പരാതിക്കാരൻ അദാലത്തിൽ ഹാജരായി. ടി പരാതിയുമായി ബന്ധപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ ഫയൽ സമിതി പരിശോധിച്ചു. VBA/11/18-19 നമ്പർ പ്രകാരം 29.07.2021 ൽ വീടിന് ഒക്യുപൻസി നൽ കിയിട്ടുള്ള കെട്ടിടം 02.11.2021 ൽ നടത്തിയ പരിശോധനയിൽ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ ആയി പ്രവർത്തിക്കുന്നു എന്ന വിവരം അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞതും, (ആയത് ശരിയാണെന്ന് നോട്ടറി അറ്റസ്റ്റ് ചെയ്ത സാക്ഷ്യപത്രത്തിൽ നിന്നും ബോധ്യപ്പെട്ടിട്ടുള്ളതാണ്) ആയതിനാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം ടി കെട്ടിടം അനധികൃത നിർമ്മാണമായി കണക്കാക്കി നികുതി നിർ ണ്ണയിച്ചിട്ടുള്ളതുമാണ്. അനധികൃതമായി ഉപയോഗിച്ച കാലയളവിലെ നികുതി അടവാക്കിയ ശേഷം മാത്രമെ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് നിർവ്വാഹമുള്ളൂ എന്ന് കോർപ്പറേഷൻ പ്രതിനിധി അറിയിച്ചു. മേൽ സാഹചര്യത്തിൽ നികുതി അടവാക്കുന്ന മുറയ്ക്ക് കെട്ടിടം നിയമാനുസൃതം ക്രമവൽക്കരണം ചെയ്ത് നിയമാനുസൃത നികുതി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 13**

ശ്രീമതി. വത്സലകുമാരി കെ. ബി, ആദംകാവിൽ വീട് എന്നവരുടെ കെട്ടിടത്തിന് ബിൽഡിങ്ങ് പെർമിറ്റ് ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 13**

പരാതിക്കാരൻ അദാലത്തിൽ ഹാജരായി. പ്രാദേശിക നിരീക്ഷണ സമിതി ജില്ലാതല അധികൃത സമിതി ചെയർമാന്റെ നടപടിക്രമം ഉത്തരവ് നമ്പർ ടിഎ (2) 6257/ആർ 6 തിയതി 08/09/2017 പ്രകാരം നിലം പരിവർത്തനം ചെയ്യുന്നതിനുള്ള കക്ഷിയുടെ അപേക്ഷ നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ RDO ൽ നിന്ന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷയിൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 14**

ശ്രീ. മുഹമ്മദ് ബഷീർ, മുതുകുളങ്ങര ചാലിൽ വീട്, എന്നവരുടെ ബിൽഡിങ്ങ് പെർമിറ്റ് ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 14**

പരാതിക്കാരൻ അദാലത്തിൽ ഹാജരായി. ടി പരാതിയുമായി ബന്ധപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ ഫയൽ സമിതി പരിശോധിച്ചു. Sy No.142/4, 143 ൽപ്പെട്ട സ്ഥലത്ത് 2395.73 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് വാങ്ങിയിരുന്നുവെങ്കിലും പിന്നീട് പെർമിറ്റ് പുതുക്കി നൽകുന്ന സമയത്ത് പ്രസ്തുത സ്ഥലം നിലമായതിനാൽ പെർമിറ്റ് പുതുക്കി നൽകിയിട്ടില്ലാത്തതുമാകുന്നു. ടി വിഷയത്തിൽ ബഹു.ഹൈക്കോടതി WP© 4409/2022 നമ്പർ കേസിൽ സെക്രട്ടറിയോട് ഉചിതമായ തീരുമാനം എടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ തരം നിലമായതിനാൽ RDO യിൽ നിന്ന് അനുമതി ലഭ്യമാക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ന്യൂനത പരിഹരിക്കുന്ന മുറയ്ക്ക് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 15**

ശ്രീ. രാജീവ് കെ. കെ, കണിയത്ത് വീട് എന്നവരുടെ വീടിനു നമ്പർ ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 15**

മേൽ പരാതിയുമായി ബന്ധപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ ഫയൽ സമിതി പരിശോധിച്ചു. തൃശ്ശൂർ കോർപ്പറേഷന്റെ അനുമതിയില്ലാതെ 16-ാം ഡിവിഷനിൽ 85 സ്ക്വയർ മീറ്റർ കെട്ടിടം നിർമ്മിച്ച് ഉപയോഗിച്ചു വരുന്നതായി കണ്ടെത്തിയതിനെ തുടർന്ന് കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം ടി കെട്ടിടം അനധികൃത നിർമ്മാണമായി കണക്കാക്കി UAC/XIII/474/20 നമ്പർ നൽകി മൂന്നിരട്ടി നികുതി (3826/-രൂപ) ചുമത്തിയിട്ടുള്ളതും പരാതിക്കാരനെ അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ പരാതിക്കാരൻ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് കോർപ്പറേഷൻ പ്രതിനിധി അറിയിച്ചു. മേൽ സാഹചര്യത്തിൽ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് നിയമാനുസൃതം കെട്ടിടം ക്രമവൽക്കരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 16**

ശ്രീമതി. ജയശ്രീ, അനന്തപുരി വീട് എന്നവരുടെ കെട്ടിടത്തിന് ലൈസൻസ് ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 16**

മേൽ പരാതിയിൽ ലൈസൻസ് നൽകുന്നതിനായി സ്ഥല പരിശോധന നടത്തിയിട്ടുള്ളതായും ആവശ്യമായ നിർദ്ദേശങ്ങൾ പരാതിക്കാരന് നൽകിയിട്ടുള്ളതായും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും കോർപ്പറേഷൻ പ്രതിനിധി (എച്ച്.ഐ) അറിയിച്ചു. മേൽ സാഹചര്യത്തിൽ അപേക്ഷ പരിശോധിച്ച് നിയമാനുസൃതം അടിയന്തിരമായി പരാതിക്കാരന് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 17**

ശ്രീമതി. അമ്മു ബാലകൃഷ്ണൻ, മനയ്ക്കലാത്ത് വീട് എന്നവരുടെ വീടിന് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 17**

പരാതിക്കാരിയ്ക്ക് വേണ്ടി പരാതിക്കാരിയുടെ ഭർത്താവ് അദാലത്തിൽ ഹാജരായി. വീട്ട് നമ്പർ ലഭിക്കുന്നതിന് നാളിതുവരെ കോർപ്പറേഷനിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടില്ല. ആയതിനാൽ കംപ്ലീഷൻ പ്ലാൻ എത്രയും പെട്ടെന്ന് തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം സോണൽ ഓഫീസിൽ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ചു. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നവകേരള സദസ്സിൽ ലഭിച്ച നിവേദനമായി പരിഗണിച്ച് അടിയന്തിരമായി വീട്ട് നമ്പർ അനുവദിക്കുന്നതിനുള്ള നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 18**

ശ്രീ. ജോസി സി ജോൺ, ചിരിയൻകണ്ടത്ത് വീട് എന്നവരുടെ കെട്ടിടത്തിന് ബിൽഡിങ്ങ് പെർമിറ്റ് ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 18**

പരാതിക്കാരൻ അദാലത്തിൽ ഹാജരായി. കെട്ടിട നിർമ്മാണ അനുമതിയ്ക്കായി ഒല്ലൂക്കര സോണൽ ഓഫീസിൽ അപേക്ഷ നൽകിയെങ്കിലും ടി സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നതാണെന്ന കാരണത്താൽ കോർപ്പറേഷൻ അനുമതി നൽകുകയുണ്ടായില്ല. പിന്നീട് സർവ്വേ നമ്പർ 588 ( റീ സർവ്വേ 9/9-2) നമ്പർ ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയതായി പരാതിക്കാരൻ അറിയിച്ചു. മേൽ സാഹചര്യത്തിൽ ഒല്ലൂക്കര സോണൽ ഓഫീസിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിന് പുതിയ അപേക്ഷ നൽകുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ചു. അപേക്ഷ ലഭിച്ചാൽ ടി സ്ഥലത്ത് നിയമാനുസൃതം പെർമിറ്റ് അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിനും നവകേരള സദസ്സിലെ നിവേദനം എന്ന നിലയിൽ അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിനും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**യോഗ നടപടികൾ 2.00 pm ന് അവസാനിച്ചു.**

കൺവീനർ
സിറ്റിസൺ അസിസ്റ്റൻസ്
സ്ഥിരം അദാലത്ത് ജില്ലാ സമിതി
തൃശ്ശൂർ

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം ★ തൃശ്ശൂർ
തൃശ്ശൂർ
പിൻ - 680003

ചെയർമാൻ
സിറ്റിസൺ അസിസ്റ്റൻസ്
സ്ഥിരം അദാലത്ത് ജില്ലാ സമിതി
തൃശ്ശൂർ

EXECUTIVE ENGINEER
LSGD DIVISION
THRISSUR-3

RAJEEV. K.R.
TOWN PLANNER
THRISSUR